**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250** **30-07-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലെ നിലവിൽ നടന്നു കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതും ആയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും അടുത്തകാലത്ത് പൂർത്തീകരിച്ചതും ആയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലെ നിലവിൽ നടന്നു കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതും ആയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ്; | (സി) | മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ ഭരണാനുമതി നൽകിയ എല്ലാ പദ്ധതികളും പുരോഗമിച്ച വരുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 1. എസ്.ടി.ഡി.ഡി-എൻമകജെ പഞ്ചായത്തിലെ പാണ്ടിഗയ എസ്.ടി. കോളനി കുടിവെള്ള പദ്ധതി - ഭരണാനുമതി തുക 44.60 ലക്ഷം രൂപ 2. ഡെപ്പോസിറ്റ് പ്രവൃത്തി-മംഗൽപാടി പഞ്ചായത്തിലെ ഒളയത്തിലേക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ- ഭരണാനുമതി തുക 12 ലക്ഷം രൂപ 3. കെഡിപി-ഉപ്പള കുടിവെള്ള പദ്ധതി വിപുലീകരണം - ഭരണാനുമതി തുക 500 ലക്ഷം രൂപ 4. സ്റ്റേറ്റ് പ്ലാൻ 2020-21 – വോർക്കാടി പഞ്ചായത്തിലെ വോർക്കാടി കുടിവെള്ള പദ്ധതി വിപുലീകരണം, ആനക്കല്ല് തടയണ അറ്റകുറ്റപ്പണി- ഭരണാനുമതി തുക 100 ലക്ഷം രൂപ 5. സ്റ്റേറ്റ് പ്ലാൻ 2020-21 - വിവിധ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിലേക്കുള്ള ലാബ് ഉപകരണങ്ങളുടെ വിതരണം - ഭരണാനുമതി തുക 6.20 ലക്ഷം രൂപ. 6. |

| | | | |
|---|---|---|---|
| | | | ജല ജീവൻ മിഷൻ- കുമ്പള ഗ്രാമപഞ്ചായത്ത് - 1986 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 495 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 7. ജല ജീവൻ മിഷൻ- എൻമകജെ ഗ്രാമപഞ്ചായത്ത് - 3500 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 960 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 8. ജല ജീവൻ മിഷൻ- മംഗൽപാടി ഗ്രാമപഞ്ചായത്ത് - 5240 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 1115 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 9. ജല ജീവൻ മിഷൻ- മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് - 4400 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 1090 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 10. ജല ജീവൻ മിഷൻ- വോർക്കാടി ഗ്രാമ പഞ്ചായത്ത് - 3313 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 929 ലക്ഷം രൂപഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിൽ ഭരണാനുമതിക്കായി സമർപ്പിച്ച ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളുടെയും കുടിവെള്ളപദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാരിന്റെ പരിഗണനയിലുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. 2021-22- ൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. 1. ജല ജീവൻ മിഷൻ- പുത്തിഗെ ഗ്രാമപഞ്ചായത്ത്- ടാപ്പ് കണഷനുകളുടെ എണ്ണം - 4752, എസ്റ്റിമേറ്റ് തുക 4529 ലക്ഷം രൂപ 2. ജല ജീവൻ മിഷൻ- എൻമകജെ ഗ്രാമപഞ്ചായത്ത് -ടാപ്പ് കണഷനുകളുടെ എണ്ണം - 1746, എസ്റ്റിമേറ്റ് തുക 754 ലക്ഷം രൂപ 3. ജല ജീവൻ മിഷൻ- വോർക്കാടി ഗ്രാമപഞ്ചായത്ത് - ടാപ്പ് കണഷനുകളുടെ എണ്ണം - 2120, എസ്റ്റിമേറ്റ് തുക 932 ലക്ഷം രൂപ 4. ജല ജീവൻ മിഷൻ- മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് - ടാപ്പ് കണഷനുകളുടെ എണ്ണം - 2586, എസ്റ്റിമേറ്റ് തുക 1311 ലക്ഷം രൂപ 5. ജല ജീവൻ മിഷൻ- കുമ്പള ഗ്രാമ പഞ്ചായത്ത് - ടാപ്പ് കണഷനുകളുടെ എണ്ണം - 6340, എസ്റ്റിമേറ്റ് തുക 5735 ലക്ഷം രൂപ 6. ജല ജീവൻ മിഷൻ- മംഗൽപാടി ഗ്രാമപഞ്ചായത്ത് - ടാപ്പ് കണഷനുകളുടെ എണ്ണം - 3581, എസ്റ്റിമേറ്റ് തുക 3239 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1– 2250

## ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കാര്യാലയത്തിന കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും, പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ര.നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| | **നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ** | | |
| 1 | നബാർഡ് – ആർ. എഫ്.ഡി. ഐ XXII - പെർവായ് പുഴയ്ക്ക് കുറുകെ പൈവളിക പഞ്ചായത്തിലെ ബെള്ളൂർ ഓട്ടപ്പടപ്പ് വിസിബി കം ട്രാക്ടർ പാതയുടെ നിർമ്മാണം | 650.00 | 55% പൂർത്തീകരിച്ചു |
| 2 | എൻമകജെ പഞ്ചായത്തിൽ മുഗ്ലിക്കാന കാട്ടുകുക്കെയിൽ നിർമ്മിക്കുന്ന നടപ്പാതയോട് കൂടിയ വിസിബിയുടെ നിർമ്മാണം | 80.00 | 45% പൂർത്തീകരിച്ചു |
| 3 | കുമ്പള പഞ്ചായത്തിലെ ആരിക്കാടി കാർലെയിലുള്ള പൊതു കുളത്തിൻറ പുനരുദ്ധാരണ പ്രവൃത്തി | 15.00 | പ്രവൃത്തി ഉടൻ ആരംഭിക്കും |
| 4 | കുമ്പള പഞ്ചായത്തിലെ നമ്പിക്കര ഷേഡിക്കാവിലെ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി | 18.00 | 30% പൂർത്തീകരിച്ചു |
| 5 | എൻമകജെ പഞ്ചായത്തിലെ കാട്ടുകുക്കെയിലുള്ള പാലത്തോട് കൂടിയ വിസിബിയുടെ നവീകരണം പ്രവൃത്തി | 20.00 | 10% പൂർത്തീകരിച്ചു |
| 6 | കെഡിപി പൈവളികെ പഞ്ചായത്തിൽ ചിപ്പാർ തോടിന് കുറുകെ അട്ടക്കത്തിമാർ സൊനാജെയിൽ നിർമ്മിക്കുന്ന വിസിബി | 74.00 | സൈറ്റ് കൈമാറ്റം ചെയ്തു |
| 7 | കെഡിപി നാവൂർ തോടിന് കുറുകെ പുത്തിഗെ പഞ്ചായത്തിൽ പൊയ്യ എന്ന സ്ഥലത്ത് നിർമ്മിക്കുന്ന വിസിബി | 36.80 | സൈറ്റ് കൈമാറ്റം ചെയ്തു |
| 8 | കെഡിപി കാസറഗോഡ് ജില്ലയിലെ സംയോജിത ജലസംരക്ഷണത്തിൽ ഉൾപ്പെടുത്തി പൈവളികെ പഞ്ചായത്തിലെ പെരിയപ്പാടി വിസിബി യുടെ പുനരുദ്ധാരണ പ്രവൃത്തി | 15.00 | സൈറ്റ് കൈമാറ്റം ചെയ്തു |
| 9 | കെഡിപി കാസറഗോഡ് ജില്ലയിലെ സംയോജ | 16.00 | പ്രവൃത്തി ഉടൻ |

| | | | |
|---|---|---|---|
| | ജലസംരക്ഷണത്തിൽ ഉൾപ്പെട്ടത്തി പൈവളികെ പഞ്ചായത്തിലെ മൂഡായി തോട്ടയിലെ പാലത്തോട്ടകൂടിയ വിസിബി യുടെ പുനരുദ്ധാരണ പ്രവൃത്തി | | ആരംഭിക്കും |
| 10 | എൻമകജെ പഞ്ചായത്തിലെ മാളിയിൽ ചാവർക്കാട് തോടിന് കുറുകെ നിർമ്മിക്കുന്ന വിസിബിയുടെ പ്രവൃത്തി | 53.00 | 85% പൂർത്തീകരിച്ചു. |
| 11 | പൈവളികെ പഞ്ചായത്തിലെ മണിഹിത്തിലുവിൽ കൂടുഞ്ഞിൽ തോടിന് കുറുകെ നിർമ്മിക്കുന്ന വിസിബിയുടെ പ്രവൃത്തി | 60.00 | സൈറ്റ് കൈമാറ്റം ചെയ്തു |
| 12 | വോർക്കാടി പഞ്ചായത്തിലെ ബീഡു തോടിന് തോടിന് കുറുകെ കൊടലമുഗരുവിലുള്ള വിസിബിയുടെ പ്രവൃത്തി | 45.00 | 25% പൂർത്തീകരിച്ചു |
| 13 | മഞ്ചേശ്വരം പഞ്ചായത്തിലെ മണിഞ്ചയിലുള്ള കുളത്തിന്റെ നവീകരണ പ്രവൃത്തി | 1.475 | പ്രവൃത്തി ഉടൻ ആരംഭിക്കും |
| 14 | മഞ്ചേശ്വരം പഞ്ചായത്തിലെ പാവൂറിൽ ബങ്കര മഞ്ചേശ്വരം പുഴയ്ക്ക് കുറുകെയുള്ള വിസിബിയുടെ അറ്റകുറ്റപണി | 11.90 | 55% പൂർത്തീകരിച്ചു |
| 15 | കെഡിപിയിൽ ഉൾപ്പെട്ടത്തി വോർക്കാടി പഞ്ചായത്തിലെ നൂചിയിലെ കൊടലമൊഗറു – നൂചി തോടിന് കുറുകെ പുതിയ വിസിബിയുടെ നിർമ്മാണ പ്രവൃത്തി | 60.40 | 20% പൂർത്തീകരിച്ചു |
| 16 | കെഡിപിയിൽപ്പെട്ടത്തി വോർക്കാടി പഞ്ചായത്തിലെ മഞ്ചേശ്വരം പുഴയ്ക്ക് കുറുകെ കൊമ്പൻകുഴിയിൽ നിർമ്മിക്കുന്ന റബർ ചെക്ക്ഡാം | 80.40 | 20% പൂർത്തീകരിച്ചു |
| 17 | കെഡിപി – ഹരിതകേരളം – മഞ്ചേശ്വരം പഞ്ചായത്തിലെ സുറുമ തോടിന്റെ പുനരുജ്ജീവന പ്രവൃത്തി | 24.30 | 5% പൂർത്തീകരിച്ചു (മഴമൂലം നിർത്തി വച്ചിരിക്കുന്നു) |
| 18 | എസ്.ഡി.ആർ.എഫ്. - വോർക്കാടി പഞ്ചായത്തിലെ മഞ്ചേശ്വരം പുഴയ്ക്ക് കുറുകെ മുടിമാറിലുള്ള പാലത്തോട് കൂടിയ വിസിബിയുടെ പുനരുദ്ധാരണ പ്രവൃത്തി | 8.70 | 40% പൂർത്തീകരിച്ചു |
| 19 | മഞ്ചേശ്വരം പഞ്ചായത്തിലെ വാമഞ്ചൂർ കുളത്തിന്റെ പുനരുദ്ധാരണം | 6.00 | ടെൻഡർ നടപടികളിലാണ് |

| | | | |
|---|---|---|---|
| 20 | മഞ്ചേശ്വരം പഞ്ചായത്തിലെ ഇച്ചിലംകോട് വില്ലേജിലുള്ള ബെരിയോളിക ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ അക്വാഡക്റ്റിൻറയും 0/600 km, 0/700 km, 0/825 km and 1/340 km ചെയ്നേജുകളിൽ കനാലിൻറയും പുനരുദ്ധാരണം | 35.00 | ടെൻഡർ നടപടികളിലാണ് |
| 21 | മംഗൽപ്പാടി പഞ്ചായത്തിലെ കൽപ്പാറ എൽ.ഐ. സ്കീമിന്റെ2/100 km, 2/250 km ന്റെയും ഇടയിലുള്ള ഭാഗം പുനരുദ്ധാരണം | 5.00 | ടെൻഡർ നടപടികളിലാണ് |
| 22 | കുമ്പള ഗ്രാമപഞ്ചായത്തിലെ ഉളുവാർ ബൈൽ കുളത്തിന്റെ പുനരുദ്ധാരണം | 25.00 | ടെൻഡർ നടപടികളിലാണ് |
| **പൂർത്തീകരിച്ച പ്രവൃത്തികൾ** | | | |
| 1 | കുമ്പള പഞ്ചായത്തിലെ ഗോപാലകൃഷ്ണ അമ്പലകുളം | 32.00 | പൂർത്തീകരിച്ചു |
| 2 | 2020 -21 വർഷത്തെ എല്ലാ വാർഷീക അറ്റകുറ്റ പണികൾ | 41.89 | പൂർത്തീകരിച്ചു |
| 3 | എസ്.ഡി.ആർ.എഫ് - മഞ്ചേശ്വരം പുഴയ്ക്ക് കുറുകെ വോർക്കാടി പഞ്ചായത്തിൽ മരിക്കാപ്പു എന്ന സ്ഥലത്തുള്ള വിസിബിയുടെ അറ്റകുറ്റപണി | 7.30 | പൂർത്തീകരിച്ചു |
| 4 | എസ്.ഡി.ആർ.എഫ് - മഞ്ചേശ്വരം പുഴയ്ക്ക് കുറുകെ മഞ്ചേശ്വരം പഞ്ചായത്തിൽ ഉണ്ടഹിത്തിലു എന്ന സ്ഥലത്തുള്ള വിസിബി യുടെ താഴ്ഭാഗത്തുള്ള സംരക്ഷണ ഭിത്തിയുടെ അറ്റകുറ്റ പണി | 8.75 | പൂർത്തീകരിച്ചു |
| 5 | എസ്.ഡി.ആർ.എഫ് - വോർക്കാടി പഞ്ചായത്തിലെ ഗാലിക്കട്ടയിൽ മഞ്ചേശ്വരം പുഴയ്ക്ക് കുറുകെയുള്ള വിസിബി യുടെ അറ്റകുറ്റ പണി | 10.20 | പൂർത്തീകരിച്ചു |

Prijith
സെക്ഷൻ ഓഫീസർ

**അനുബന്ധം 2 - 2250**

മഞ്ചേശ്വരം മണ്ഡലത്തിൽ സർക്കാരിന്റെ
പരിഗണനയിലുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ര.നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ |
|---|---|---|
| 1 | കുമ്പള പഞ്ചായത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെ ബംബ്രാണയിൽ നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന പാലത്തോടുകൂടിയ ഉപ്പ് വെള്ള പ്രതിരോധ തടയണയും റെഗുലേറ്ററും | 3060.00 |
| 2 | കുമ്പള പഞ്ചായത്തിലെ കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ടയിൽ ഉള്ള പാലത്തോടുകൂടിയ ഉപ്പ് വെള്ള പ്രതിരോധ തടയണയുടെ പുനർനിർമ്മാണം | 1800.00 |

Prijith
സെക്ഷൻ ഓഫീസർ